| A | സമഗ്ര ശിക്ഷാ, കേരളം<br>ആത്യന്തികവിലയിരുത്തൽ - I 2026-27 | 902 |
|---|---|---|

# മലയാളം
## കേരളപാഠാവലി

ക്ലാസ് : 9 | സമയം : 1 ½ മണിക്കൂർ
ആകെ സ്കോർ : 40

**നിർദേശങ്ങൾ:**

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കണം.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം. A അല്ലെങ്കിൽ B എന്ന തരത്തിലുള്ള ചോദ്യങ്ങളിൽ, ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരമെഴുതിയാൽ മതി.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**1 മുതൽ 4 വരെ ചോദ്യങ്ങളുടെ ഉത്തരം തിരഞ്ഞെടുത്തെഴുതുക.** **(1 സ്കോർ വീതം) (4 x 1 = 4)**

1. "ദാഹിക്കുന്നു ഭഗിനീ കൃപാരസ-
മോഹനം കുളിർതണ്ണീരിതാശു നീ."

(സുകൃതഹാരങ്ങൾ)

സന്ദർഭത്തിൽ ഭഗിനി എന്ന പദത്തിന്റെ അർഥമെന്ത്?

A. മകൾ
B. കാമുകി
C. ഭാര്യ
D. സഹോദരി

2. "അമ്മേ എന്ന ആ വിളി കേട്ടപ്പോൾ വൃദ്ധയ്ക്കു കുറച്ചു ശക്തി വീണ്ടുകിട്ടിയപോലെ അനുഭവപ്പെട്ടു."

(അമ്മ)

അമ്മയ്ക്കുണ്ടായ ഈ മാറ്റത്തിന് കാരണമെന്താകാം?

A. അമ്മേ എന്ന് വിളിക്കുന്നത് ഇഷ്ടമല്ലാത്തതുകൊണ്ട്.
B. വളരെക്കാലമായി അമ്മേ എന്ന വിളി കേൾക്കാത്തതുകൊണ്ട്.
C. അമ്മേ എന്ന വിളിക്ക് അർഹയല്ല എന്ന് തോന്നിയതുകൊണ്ട്.
D. ഇതുവരെ ആരും അമ്മേ എന്ന് വിളിക്കാത്തതുകൊണ്ട്.

3. "ഇരുട്ട് വലിയ <u>കറുത്ത തിരശ്ശീലപോലെ</u> തൂങ്ങിക്കിടന്നു."

(ആനഡോക്ടർ)

അടിവരയിട്ട പ്രയോഗത്തിന്റെ സാന്ദർഭികാർഥം എന്ത്?

A. എല്ലാ കാഴ്ചകളെയും ഇരുട്ട് മറച്ചിരുന്നു.
B. ഇരുട്ടിലും കാഴ്ചകൾ പ്രകടമായിരുന്നു.
C. തിരശ്ശീലയിലെ കാഴ്ചകൾ അവ്യക്തമായിരുന്നു.
D. ഇരുട്ടിൽ തിരശ്ശീല ഒട്ടും കാണാൻ കഴിയുന്നില്ല.

(മറുപുറം)

OXFORD

4. താഴെ കൊടുത്തിരിക്കുന്നവയിൽ ശരിയായി പിരിച്ചെഴുതിയത് ഏത്?

| | |
|---|---|
| i. പ്രയാസമില്ല | - പ്രയാസം, മില്ല. |
| ii. തീർച്ചയാണ് | - തീർച്ച, ആണ്. |
| iii. അനേകമുണ്ട് | - അനേകം, ഉണ്ട്. |
| iv. വീട്ടിലുള്ളത് | - വീട്, ഉള്ളത് |

A. ii മാത്രം ശരി.

B. i ഉം iv ഉം ശരി.

C. ii ഉം iii ഉം ശരി.

D. iii മാത്രം ശരി.

**5 മുതൽ 7 വരെ ചോദ്യങ്ങൾക്ക് മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക. (3 സ്കോർ വീതം)**
**(3 x 3=9)**

5. "വിരസമായിത്തീരാവുന്ന വസ്തുതകൾപോലും ബഷീറിന്റെ അനുഗ്രഹീതമായ തൂലികയുടെ സ്പർശത്താൽ എങ്ങനെയോ രസപ്രദമായിത്തീരുന്നു."

(പാത്തുമ്മായുടെ ആട്- ഒരു സത്യമായ കഥ)

ഈ നിരീക്ഷണത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? അഭിപ്രായം വ്യക്തമാക്കുക.

6. "കറ്റക്കാർകൂന്തൽ മൂടിത്തലവഴി
മുറ്റുമാസ്യം മറഞ്ഞുകിടക്കുന്ന
ചാരുസാരിയൊതുക്കിച്ചെറുചിരി
ചോരും ചോരിവാ ചെറ്റുവിടർത്തവൾ"

(സുകൃതഹാരങ്ങൾ)

വരികളിലെ കാവ്യഭംഗി കണ്ടെത്തിയെഴുതുക.

7.(A) • "പണമൊന്നും വേണ്ട, ഞാനെത്തിക്കാം." ടാക്സി ഡ്രൈവർ പറഞ്ഞു.
• "അമ്മയെ മക്കളുടെ അടുത്താക്കിയിട്ടേ ഞാൻ മടങ്ങുകയുള്ളൂ."

(അമ്മ)

കഥാസന്ദർഭങ്ങളിൽനിന്ന് ടാക്സി ഡ്രൈവറുടെ മനോഭാവം കണ്ടെത്തിയെഴുതുക.

**അല്ലെങ്കിൽ**

(B) "ഒരു ഊരുചുറ്റലിനുശേഷം 'പ്രശാന്തി തേടിയാണ് ' ബഷീർ ഇവിടെ എത്തിയിരിക്കുന്നത്. അവിടെ എന്തു ശാന്തതയാണ് കിട്ടുക?"

(പാത്തുമ്മായുടെ ആട് - ഒരു സത്യമായ കഥ)

ബഷീറിനെ അശാന്തിയിലേക്ക് നയിച്ച കുടുംബസാഹചര്യങ്ങൾ എന്തെല്ലാം? കുറിക്കുക.

8 മുതൽ 11 വരെ ചോദ്യങ്ങൾക്ക് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (5 സ്കോർ വീതം)
(4 x 5=20)

8. • "കിളിക്കു വേണ്ടതു കിളിക്കൂടെന്നു നാം
പറഞ്ഞു പറ്റിപ്പൂ കിളിയെ, നമ്മളെ!
കിളിക്കുണ്ടാകാശം കിളിക്കൂടായ്; അതി-
ലുറങ്ങുവാൻ വിടില്ലൊരു കിളിയെയും."

(പ്രഭാവർമ്മ)

• " വിട്ടയയ്ക്കുക കൂട്ടിൽ നിന്നെന്നെ, ഞാ -
നൊട്ടു വാനിൽപ്പറന്നു നടക്കട്ടേ!
കാണ്മതുണ്ടതാ, തെല്ലകലത്തിലെൻ
ജന്മഭൂമിയാം കാനനം മോഹനം. "

കാനനം - കാട്

(വിട്ടയയ്ക്കുക - ബാലാമണിയമ്മ)

തന്നിരിക്കുന്ന കാവ്യഭാഗങ്ങളിലെ ആശയം താരതമ്യം ചെയ്തു കുറിപ്പ് തയ്യാറാക്കുക.

9. എത്ര തുണികൾ അലക്കിക്കഴിഞ്ഞു! എത്ര ഊണുകൾ ഉണ്ടാക്കി ഊട്ടി. എത്ര തവണ ഉറക്കമൊഴിച്ചിരുന്നു കുട്ടികളെ ശുശ്രൂഷിച്ചു! ഇപ്പോൾ അവരെല്ലാം വളർന്ന് അച്ഛന്മാരായി. ഇപ്പോൾ തന്നെക്കൊണ്ട് ആർക്കും ഒരാവശ്യവുമില്ലാതായി. കറുത്ത കാറിന് അതറിയാമായിരുന്നു."

(അമ്മ)

അമ്മയുടെ ഒറ്റപ്പെടലിന്റെ തീവ്രത കഥാകാരി അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ? നൽകിയ സന്ദർഭവും കഥയും വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

10. • "നീചനാരിതൻ കൈയാൽ ജലം വാങ്ങി -
യാചമിക്കുമോ ചൊല്ലെഴുമാര്യന്മാർ? "

(സുകൃതഹാരങ്ങൾ)

• "തൊട്ടുകൂടാത്തവർ തീണ്ടിക്കൂടാത്തവർ
ദൃഷ്ടിയിൽ പെട്ടാലും ദോഷമുള്ളോർ
കെട്ടില്ലാത്തോർ തമ്മിലുണ്ണാത്തോരിങ്ങനെ -
യൊട്ടല്ലഹോ ജാതിക്കോമരങ്ങൾ!"

കെട്ട് - വിവാഹം

(ദുരവസ്ഥ)

രണ്ടു രചനാഭാഗങ്ങളിലും തെളിയുന്ന അക്കാലത്തെ സാമൂഹികാവസ്ഥ വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

11(A) വൈക്കം മുഹമ്മദ് ബഷീറിന്റെ കൃതികൾ വായിച്ചും പഠിച്ചും പ്രൊഫ. എം.കെ. സാനു തയ്യാറാക്കിയ പുസ്തകത്തിലെ ഒരു ഭാഗമാണ് പാത്തുമ്മായുടെ ആട് – ഒരു സത്യമായ കഥ എന്ന പാഠഭാഗം.

ഇതുപോലെ നിങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട പുസ്തകം വായിച്ചപ്പോഴുണ്ടായ ചിന്തകളും നിരീക്ഷണങ്ങളും ഉൾപ്പെടുത്തി വായനക്കുറിപ്പ് തയ്യാറാക്കുക.

**അല്ലെങ്കിൽ**

(മറുപുറം)



OXFORD

(B) • "ചൂര് നോക്കുമ്പോൾ ഇവിടെയുള്ള ആനയല്ല എന്നാണ് തോന്നുന്നത്."

• "നീ പോയി ഒരു ബക്കറ്റ് വെള്ളം കൊണ്ടുവന്ന് അതിന്റെ കാതിൽ ഒഴിക്ക്. കുട്ടിയാണ്. കാത് നിലച്ചാൽ തലയ്ക്ക് ചൂട് കയറിയേക്കും." ഡോക്ടർ പറഞ്ഞു.

(ആനഡോക്ടർ)

നൽകിയ സന്ദർഭങ്ങളും പാഠഭാഗവും വിശകലനം ചെയ്ത് ഡോക്ടർ കെ യുടെ സ്വഭാവസവിശേഷതകൾ വ്യക്തമാക്കുക.

**താഴെ തന്നിരിക്കുന്ന ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.** **(7 സ്കോർ) (1x7=7)**

12 (A) • "ഒന്നല്ലി നാമയി സഹോദരരല്ലിപൂവേ?
ഒന്നല്ലി കൈയിഹ രചിച്ചതു നമ്മെയെല്ലാം."

(വീണപൂവ്)

• "ജാതി ചോദിക്കുന്നില്ല ഞാൻ സോദരി,
ചോദിക്കുന്നു നീർ നാവുവരണ്ടഹോ
ഭീതിവേണ്ടാ തരികതെനിക്കു നീ."

(സുകൃതഹാരങ്ങൾ)

കാലദേശാതീതമായ സാഹോദര്യഭാവമാണ് ആശാൻ കവിതകളിൽ തെളിയുന്നത്. നൽകിയ രചനാഭാഗങ്ങളും സുകൃതഹാരങ്ങൾ എന്ന പാഠഭാഗവും വിശകലനം ചെയ്ത് **കുമാരനാശാന്റെ കൃതികളിലെ സാഹോദര്യസങ്കല്പം** എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.

**അല്ലെങ്കിൽ**

(B). ആശയം, ആസ്വാദനാംശങ്ങൾ, സമകാലികപ്രസക്തി എന്നിവ പരിഗണിച്ച് കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

**ഇനിയെനിക്കാരുമില്ലെന്നു തോന്നുമ്പോൾ**

ഇനിയെനിക്കാരുമില്ലെന്നു തോന്നുമ്പൊ-
ളരനിമേഷമീ മണ്ണിനെ നോക്കുക
നിറവെളിച്ചമായ് കൈ നീട്ടി നില്പുണ്ട്
പ്രണയകോടികൾ, ജീവസഹോദരർ
വഴിയിറമ്പിലെ പുല്ലുകൾ, പൂവുകൾ
പുഴയിലായിരം നക്ഷത്രമീനുകൾ
ഋതുലയം ചേർത്തു പാടുന്ന പക്ഷികൾ
നിബിഡകാനനം നീളെ പൂമ്പാറ്റകൾ
കടലിലുണ്ട് നാം കാണാത്തൊരായിരം
ഹൃദയസോദരർ,മണ്ണിനെക്കാത്തവർ
ഉടയദൈവത്തിനെണ്ണയുംകൊണ്ടിതാ
പുഴുവൊരാൾ സ്നേഹയാത്ര തിരിക്കുന്നു.
ഇനി നമുക്കാരു വേണ;മീ ഭൂമിയിൽ
നിറയെ ജീവന്റെ ബന്ധുക്കളല്ലയോ!

| |
|---|
| നിബിഡകാനനം- ഇടതൂർന്നകാട് |
| നിമേഷം - നിമിഷം |

(ആലങ്കോട് ലീലാകൃഷ്ണൻ)

***************